
ലേഖനം

○

എം.സി.എ നാസർ

# ഇതൊക്കെയാണ് ചുകപ്പിന്റെ ഇന്ത്യൻ വർത്തമാനങ്ങൾ

**'ജനങ്ങളാണ്** ശക്തി. അവർക്കിടയിൽ നിൽക്കുമ്പോഴാണ് നമുക്ക് സന്തോഷം. അവരെ അവഗണിക്കുന്നത് കുറ്റമാണെന്ന് ഞാൻ എന്റെ ആളുകളോട് പറയാറുണ്ട്. അവരെ ഭരിക്കാൻ നോക്കരുതെന്നും ഞാൻ സഖാക്കളെ ഓർമിപ്പിക്കാറുണ്ട്. നമുക്കൊപ്പം അവരെ നിർത്താൻ കഴിയണം. അവിടെയാണ് വിജയം'- ജ്യോതി ബസു ഭാഗികമായെങ്കിലും വിജയിച്ച ഈ ബിന്ദുവിലാണ് ആറു പതിറ്റാണ്ട് പിന്നിടുന്ന വ്യവസ്ഥാപിത ഇന്ത്യൻ ചുകപ്പിന് കാലിടറുന്നത് നാം കാണുന്നതും.



ചരിത്രപരമായ ഒരനിവാര്യതയായിരിക്കാം ഇത്. ഇന്ത്യ കമ്യൂണിസത്തെ കൈവിടുകയല്ല. മറിച്ച് കൂടുതൽ പ്രദേശങ്ങളിലേക്ക് തോക്കേന്തിയ ഇന്ത്യൻ ചുകപ്പ് പടർന്നു കയറുകയാണ്. ഇരുനൂറോളം ജില്ലകളിൽ ഭരണകൂടത്തിന്റെ ചങ്കിടിപ്പായി ഇപ്പോൾ അതു മാറിയിരിക്കുന്നു. മുഖ്യധാരയോട് ചേർന്നു നിന്ന കമ്യൂണിസ്റ്റ് ഘടകങ്ങൾ ദുർബലമാകുമ്പോൾ അതിനെതിരെ കലാപം നയിച്ച വിഭാഗം ദരിദ്ര-ദുർബല വിഭാഗങ്ങളുടെ നെഞ്ചകങ്ങൾ ചവിട്ടിക്കയറുന്നതിന്റെ വൈരുധ്യം ചർച്ച ചെയ്യാൻ സമയമായിരിക്കുന്നു.

ജ്യോതി ബസുവിന്റെ മരണത്തോടെ സി.പി.എം സ്ഥാപക പോളിറ്റ് ബ്യൂറോയിലെ അവസാന കണ്ണിയാണ് യാത്രയായത്. കമ്യൂണിസ്റ്റ് പാർട്ടി പിളർന്ന് 1964-ൽ രൂപംകൊണ്ട സി.പി.എമ്മിന്റെ ആദ്യ പോളിറ്റ് ബ്യൂറോയിൽ ബസുവും ഇ.എം.എസും ഉൾപ്പെടെ ഒമ്പതു പേരായിരുന്നു ഉണ്ടായിരുന്നത്. ജനുവരി പതിനേഴിന് ബസു വിടവാങ്ങിയതോടെ ഇന്ത്യൻ കമ്യൂണിസ്റ്റ് ചരിത്രത്തിന്റെ മറ്റൊരധ്യായം കൂടിയാണ് മാഞ്ഞുപോയത്. ഒരു ഇന്ത്യൻ കമ്യൂണിസ്റ്റ് നേതാവിനും ലഭിക്കാത്ത പ്രാമുഖ്യം ബസുവിന്റെ മൃതദേഹത്തെ പൊതിഞ്ഞത് നാം കണ്ടു. എ.എം.എൽ.ആർ ആശുപത്രിയിൽ പ്രവേശിപ്പിച്ചതു മുതൽ ബൂർഷ്വാ മാധ്യമങ്ങളുടെ ചമൽക്കാര പദങ്ങൾ നിർലോഭം നാം കേട്ടു. 'ബൂർഷ്വാ മാധ്യമങ്ങൾ നല്ലതു പറയുമ്പോൾ നാം പേടിക്കണം' എന്ന ഇ.എം.എസിന്റെ വാചകങ്ങൾ മരണക്കിടക്കയിൽ കിടക്കെ ബസുവും

ഉള്ളിൽ ഓർമിച്ചു കാണുമോ?

## പ്രതീക്ഷകളുടെ ഇന്ത്യൻ വസന്തം

മധ്യവർഗ സമൂഹത്തെ കൂടി സ്വാധീനിച്ചെങ്കിൽ മാത്രമേ ഇന്ത്യയിൽ ഒരു വിപ്ലവ പാർട്ടി ഗതിപിടിക്കൂ എന്ന കൃത്യമായ നിലപാടുണ്ടായിരുന്നു ബസു ഉൾപ്പെടെയുള്ള നേതാക്കൾക്ക്. ഈ മധ്യവർഗമാണ് കേരളത്തിലേതു പോലെ പശ്ചിമ ബംഗാളിലും ത്രിപുരയിലുമൊക്കെ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് ശരിക്കും മുതൽകൂട്ടായത്. പശ്ചിമ ബംഗാളിൽ സ്ഥിതി കുറേക്കൂടി ഭിന്നമായിരുന്നു. കിഴക്കൻ പാകിസ്താനിൽനിന്ന് കുടിയേറിയ അഭയാർഥി ലക്ഷങ്ങളെ ഉൾക്കൊള്ളാനും അവരുടെ ഹൃദയങ്ങളിലേക്ക് കടന്നിരിക്കാനും സാധിച്ചു എന്നതാണ് ബസുവിന്റെ പാർട്ടിയുടെ പ്രധാന നേട്ടം. ഒപ്പം പ്രായോഗികവാദിയെന്ന നിലയിൽ അറുപതുകളിലും എഴുപതുകളിലും മുന്നണി സഖ്യം രൂപവത്കരിക്കാനുള്ള ഭാവനാപൂർണമായ രാഷ്ട്രീയ നിലപാടും ബസുവിനെ വേറിട്ടു നിർത്തി. അവിടെയും തുണയായത് മധ്യവർത്തി സമൂഹം തന്നെ. പരിമിതികൾക്കൊപ്പം സാധ്യതകളും തിരിച്ചറിയാൻ സാധിച്ചത് വലിയ ഗുണമായി.

## തിരിച്ചു വരാത്ത അവസരങ്ങൾ

മൂന്ന് സംസ്ഥാനങ്ങളുടെ ഭൂമിശാസ്ത്രപരമായ അതിരുകൾക്കപ്പുറത്തേക്ക് കമ്യൂണിസ്റ്റ് പ്രസ്ഥാനം വികസിക്കാതെ പോയതിന് കാരണങ്ങൾ പലതാണ്. എന്നിട്ടും ഇന്ത്യൻ പ്രധാനമന്ത്രിപദം ഒരു കമ്യൂണിസ്റ്റുകാരന് അഭിമാനത്തോടെ കൈമാറാൻ മൂന്നാം മുന്നണി നേതാക്കൾ തീരുമാനിച്ചു എന്നത് ശ്രദ്ധേയമായ ഒരു ചരിത്ര മുഹൂർത്തം തന്നെയായിരുന്നു.

1996–ൽ 'ഭൂരിപക്ഷ'ത്തിന്റെ മർക്കടമുഷ്ടി കാരണം സി.പി.എമ്മിന് നഷ്ടമായ ആ പ്രധാനമന്ത്രി പദത്തെ കുറിച്ച് പിന്നീട് ജ്യോതി ബസു നൽകിയ വിശദീകരണവും ശ്രദ്ധേയമാണ്: "അതെ. ചരിത്രപരമായ മണ്ടത്തരം തന്നെയായിരുന്നു അതെന്ന് ഞാൻ വിശ്വസിക്കുന്നു. കാരണം അത്തരമൊരു അവസരം ഇനി വീണ്ടും വരില്ല. ചരിത്രം അവ്വിധം ഒരവസരം ഇനി നൽകില്ല. ഒരു കമ്യൂണിസ്റ്റാണെന്നറിഞ്ഞും രാഷ്ട്രീയത്തിലെ പ്രാപ്തി മനസിലാക്കിയും തന്നെയാണ് അവർ എന്നെ ആ ദൗത്യത്തിനു ക്ഷണിച്ചത്. അവർക്കു മുന്നിൽ അപ്പോൾ മറ്റൊരു പ്രധാനമന്ത്രി സ്ഥാനാർഥി ഉണ്ടായിരുന്നില്ല. ഭരണം കിട്ടിയാൽ ഏറിയാൽ ഒരു വർഷം മാത്രമായിരിക്കാം അതിന്റെ ആയുസ്. എങ്കിലും അതു സംഭവിക്കണമെന്ന് ഞങ്ങൾ ചിന്തിച്ചു."

രണ്ടു തവണ പോളിറ്റ് ബ്യൂറോ ചർച്ച ചെയ്തു. വി.പി സിംഗ് ഉൾപ്പെടെ പലരും കെഞ്ചി. എന്നിട്ടും 'യുവതുർക്കികൾ' എന്തുകൊണ്ട് ആ അസുലഭ സന്ദർഭത്തിൽ വിലങ്ങനെ നിന്നു എന്ന ചോദ്യം ഭാവിയിലും ചർച്ചയിൽ കടന്നുവരും. സൈദ്ധാന്തിക പിടിവാശിയും ദൽഹിയുടെ ഇത്തിരിവട്ട രാഷ്ട്രീയ പരിപ്രേക്ഷ്യവും മാത്രമായിരുന്നു ഈ നിലപാടെടുക്കാൻ അവരെ പ്രേരിപ്പിച്ചത്. പശ്ചിമ ബംഗാളും കേരളവുമായി ഒരു രാജ്യത്തെ ചുരുക്കി കാണാനും അവരിൽ ചിലർ മത്സരിച്ചു. ഇന്നും അതു തുടരുന്നു.

പറഞ്ഞിട്ടു കാര്യമില്ല. കമ്യൂണിസ്റ്റ് പ്രസ്ഥാനം ഇന്ത്യയിൽ രൂപംകൊള്ളും മുമ്പെ ആരംഭിച്ചതാണ് ഇന്ത്യൻ സാഹചര്യത്തിൽ സ്വീകരിക്കേണ്ടആസമീപനത്തെ ചൊല്ലിയുള്ള തർക്കം. ബുദ്ധിയുള്ള നേതാക്കളുടെ എണ്ണം കൂടുതലായിരുന്നു. അതിനാൽ തർക്കവും തുടർന്നു. ജനാധിപത്യ രീതിയിൽ ഈ വിയോജിപ്പുകൾ വികസിപ്പിച്ചെടുക്കാനോ അതല്ലെങ്കിൽ മറ്റു ലക്ഷ്യങ്ങളിലേക്ക് പ്രവർത്തന മേഖല മാറ്റിയെടുക്കാനോ

സാധിച്ചിരുന്നെങ്കിൽ ഇന്ത്യൻ കമ്യൂണിസത്തിന്റെ അവസ്ഥ മറ്റൊന്നാകുമായിരുന്നു എന്ന് നിരീക്ഷിക്കുന്നവരുണ്ട്. പക്ഷേ, സ്വേഛാ പ്രവണതകൾ തന്നെയാണ് എവിടെയും മേൽക്കൈ നേടിയത്. അതിന്റെ പേരിലുള്ള വെട്ടിനിരത്തൽ പ്രക്രിയ പതിറ്റാണ്ടുകൾക്കു മുമ്പെ തുടങ്ങിയതാണ്. രാജ്യത്തിന്റെ കരുത്തായി മാറേണ്ട പല വിപ്ലവ നക്ഷത്രങ്ങളും ആ വഴിയിൽ കത്താതെ തന്നെ കെട്ടടങ്ങി. ഉൾക്കൊള്ളലിന്റെ വിശാലതയും ഹൃദ്യതയും കൈവിട്ടതോടെ തങ്ങൾക്കുള്ളിലെ വർഗശത്രുവിനെ കണ്ടെത്താനായി ശ്രമം. ആ സമീപന പരമ്പരയിലെ ഇങ്ങേയറ്റത്തെ ചെറിയ കണ്ണികൾ മാത്രമാണ് വി.എസും പിണറായിയുമൊക്കെ.

ഇതിനിടയിലും 12 കക്ഷികളെ ഒന്നിപ്പിച്ചു നിർത്തി രാജ്യത്തിനു തന്നെ മാതൃകയാകുമാറ് മുന്നണി പരീക്ഷണത്തിന്റെ സാധ്യത ബോധ്യപ്പെടുത്തി എന്നതാണ് ബസുവിന്റെ മറ്റൊരു നേട്ടം. നിലപാടിൽ ഉറച്ചു നിൽക്കെ, രാജ്യതാൽപര്യം മുൻനിർത്തി കോൺഗ്രസ് ഉൾപ്പെടെ പ്രതിപക്ഷ നേതാക്കളുമായുള്ള സൗഹൃദ ബന്ധം കാത്തു സൂക്ഷിക്കാനും കഴിഞ്ഞു.

## ജാതി-മത ഘടകങ്ങൾ തിരിച്ചറിയാനായില്ല

ഫ്യൂഡൽക്രമം ഇപ്പോഴും പിടിമുറുക്കുന്ന ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ വ്യവസ്ഥാപിത കമ്യൂണിസ്റ്റ് പാർട്ടികൾ ഒട്ടും തളിർക്കാതെ പോയതെന്തുകൊണ്ട്? ഈ ചോദ്യമൊന്നും പാർട്ടി കോൺഗ്രസ് ചർച്ചകളിൽ ഇടം പിടിച്ചു കാണാറില്ല. അമേരിക്കൻ ഇമ്പീരിയലിസത്തിന്റെ രൗദ്രതയും കേന്ദ്രസർക്കാറിന്റെ തെറ്റായ നയങ്ങളുമാണ് എന്നും ചർച്ച. ഇവ പ്രധാനം തന്നെ. പക്ഷേ, അനുകൂല ഘടകങ്ങളുണ്ടായിട്ടും എന്തുകൊണ്ട് ഇടതിന് അവയൊന്നും തുണയാകാതെ പോയി എന്നത് അങ്ങനെയങ്ങ് അവഗണിക്കാവുന്ന ഒന്നാണോ? ആന്ധ്രയും പഞ്ചാബും ആരംഭ കാലത്ത് ഇടതിന് നല്ല പ്രതീക്ഷകൾ നൽകിയിരുന്നു. ശക്തമായ വേരോട്ടമുള്ള ഘടക കക്ഷികൾ കൂടെയുണ്ടായിട്ടും കേരളം ഒഴികെ തെന്നിന്ത്യൻ സംസ്ഥാനങ്ങളിൽ ഓരോ തെരഞ്ഞെടുപ്പും നിരാശയുടെ ചിത്രം തന്നെയാണ് ബാക്കിവെച്ചത്.

വലതുപക്ഷത്തോട് ചേർന്നു നിന്നാണെങ്കിലും മറ്റിടങ്ങളിൽ രാഷ്ട്രീയ സ്വാധീനം വിപുലീകരിക്കാൻ കുറച്ചെങ്കിലും ശ്രമിച്ചു നോക്കിയത് സി.പി.ഐ ആണ്. 1996-ൽ ദേവഗൗഡ പ്രധാനമന്ത്രിയായ മുന്നണിയിൽ പങ്കുചേരാനും സി.പി.ഐക്ക് കൂടുതലൊന്നും ആലോചിക്കേണ്ടി വന്നില്ല. അതിൽനിന്ന് അകന്നു നിന്നതിലൂടെ സി.പി.എമ്മിന് കൂടുതൽ മികച്ച പ്രതിഛായ ഉണ്ടായെന്നും കരുതുക വയ്യ.

എന്തുകൊണ്ട് ഇന്ത്യയിൽ വ്യവസ്ഥാപിത കമ്യൂണിസ്റ്റ് പാർട്ടികൾ ഗതിപിടിക്കാതെ പോകുന്നു എന്ന ചോദ്യം തൊണ്ണൂറുകളിൽ ഒരഭിമുഖമധ്യെ ഉന്നയിച്ചപ്പോൾ ഇന്ദ്രജിത് ഗുപ്ത വെട്ടിത്തുറന്നു പറഞ്ഞു: "ഇന്ത്യയിലെ മത-ജാതി ഘടകങ്ങൾ തിരിച്ചറിയുന്നതിലും വിലയിരുത്തുന്നതിലും ഞങ്ങൾക്ക് ഗുരുതരമായ പിഴവ് സംഭവിച്ചു." ഈ കുറ്റസമ്മതം ആത്മാർഥമായിരുന്നു. മത-ജാതി ഘടകങ്ങൾ ശക്തമായി നിലയുറപ്പിച്ച ഇന്ത്യൻ യാഥാർഥ്യം സൂക്ഷ്മമായി അപഗ്രഥിക്കുന്നതിലും തദനുസൃതമായി നയപരിപാടികൾ ആവിഷ്കരിക്കുന്നതിലും സംഭവിച്ച വീഴ്ചയാണ് വ്യവസ്ഥാപിത ഇടതുപക്ഷത്തിന് വിനയായതെന്ന് ഗുപ്തക്കെങ്കിലും ബോധ്യമായി.

എൺപതുകളുടെ മധ്യത്തിൽ ഉത്തരേന്ത്യയിലെ ദലിത് രാഷ്ട്രീയ ഭൂമിക തിരിച്ചറിയാനും ഒറ്റക്കു നിന്ന് അതിന്റെ സാധ്യതകൾ വിരിയിച്ചെടുക്കാനും കാൻഷിറാം എന്ന ഒരു വ്യക്തിക്ക് സാധിച്ചുവെങ്കിൽ രാഷ്ട്രീയവും സാമ്പത്തികവും നേതൃപരവുമായ അപാരമായ സാധ്യതകൾ ഉണ്ടായിട്ടും എന്തുകൊണ്ട് കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾക്ക് അത് മുതലാക്കാൻ കഴിഞ്ഞില്ല എന്ന പ്രസക്തമായ ചോദ്യത്തിനാണ് മ

റുപടി ലഭിക്കേണ്ടത്. ലാലു പ്രസാദിനും മുലായം സിംഗ് യാദവിനും തങ്ങളുടെ രാഷ്ട്രീയ മണ്ഡലങ്ങൾ ഒരളവോളം പിടിച്ചുനിർത്താൻ കഴിയുന്നുണ്ട്. എന്നിട്ടുമെന്തേ, തെരുവിലെ ദരിദ്ര ന്യൂനപക്ഷം അതിന്റെ മുഴുവൻ പ്രത്യാശകളും ഇറക്കി വെച്ചിട്ടും ഇടതു പാർട്ടികൾക്ക് അതു സാധിക്കാതെ പോകുന്നു?

ബസുവിന്റെ അനുസ്മരണ കുറിപ്പുകളിലൊന്നും പതിയാതെ പോയ ഒന്നുണ്ട്. പശ്ചിമ ബംഗാളിൽ സി.പി.എമ്മിനു താങ്ങായ മുസ്‌ലിം പിന്തുണയുടെ മുദ്രകളാണത്. അറുപതുകളിൽ കോൺഗ്രസ്സിൽ നിന്നകന്ന മുസ്‌ലിം ന്യൂനപക്ഷം ഇടതു പാർട്ടിക്കൊപ്പം തന്നെയാണ് നിലയുറപ്പിച്ചത്. മുസ്‌ലിം ലീഗിന് പോലും അവിടെ പിടിച്ചുനിൽക്കാനായില്ല. എന്നാൽ അഞ്ചു പതിറ്റാണ്ടുകൾക്കിപ്പുറം മുസ്‌ലിം ഭൂരിപക്ഷ ജില്ലയായ മുർഷിദാബാദിലും മറ്റും സന്ദർശിച്ചാലറിയാം പശ്ചിമ ബംഗാളിന്റെ യഥാർഥ ദൈന്യത. ഒരു ജനത നെഞ്ചേറ്റിയ പ്രത്യയശാസ്ത്രം അവരോട് രാഷ്ട്രീയ നീതി മാത്രമല്ല സാമൂഹികനീതിയും കാണിച്ചില്ലെന്ന് ഈ ദാരുണചിത്രങ്ങൾ നമ്മെ ബോധ്യപ്പെടുത്തും.

മുസ്‌ലിം ബഹുജനം തെരഞ്ഞെടുപ്പിൽ നൽകിയ പിന്തുണയാണ് പശ്ചിമ ബംഗാൾ സർക്കാറിന്റെ വിജയരഹസ്യങ്ങളിൽ പ്രധാനം. മൊത്തം വോട്ടർമാരിൽ 25 ശതമാനം വരും ഇവർ. ഒപ്പം ഇടതിന്റെ ബഹുജനാടിത്തറ ഭദ്രമാക്കാൻ മധ്യവർഗ സമൂഹത്തിന്റെ പിന്തുണയും സഹായകമായി. വർഗീയ ഘടകങ്ങൾക്ക് എന്നും അടിവേരുള്ള പശ്ചിമ ബംഗാളിൽ ജീവനും സ്വത്തും സംരക്ഷിക്കാൻ ഏറ്റവും നല്ലത് ഇടതുധാരക്കൊപ്പം ചേർന്നു നിൽക്കുകയാണെന്ന് മുസ്‌ലിംകൾ തീരുമാനിക്കുകയായിരുന്നു. അതു നിറവേറ്റുന്നതിൽ മുന്നണി സർക്കാർ കുറെയൊക്കെ വിജയിച്ചുവെന്ന് നാം അംഗീകരിക്കണം. എന്നാൽ ഈ ദരിദ്ര ജനലക്ഷങ്ങളുടെ ജീവിതത്തിൽ അടിസ്ഥാന മാറ്റം വരുത്താനുതകുന്ന നയപരിപാടികൾ നടപ്പാക്കണമെന്ന തോന്നൽ ആരിലും ഉണ്ടായില്ല. സ്ഥിരം ചാവേറുകളായി അവർ എന്നും കൂടെയുണ്ടാകുമെന്ന് പാർട്ടിയും മുന്നണിയും കരുതി. ജ്യോതി ബസുവിന്റെ കാലം വരെ വഴിമാറ്റം പ്രകടമായിരുന്നില്ല. കഴിഞ്ഞ മൂന്ന് വർഷങ്ങളിലാണ് ന്യൂനപക്ഷം പുതിയ ബദലുകൾ തേടാൻ ശ്രമിച്ചത്. വ്യവസായ കുത്തകകളെ കുടിയിരുത്താൻ ഭൂനഷ്ടം സംഭവിച്ചവരിൽ നല്ലൊരു പങ്കും മുസ്‌ലിം ദലിത് വിഭാഗങ്ങളായിരുന്നു.

## ആശങ്കകൾ ഓർമപ്പെടുത്തലുകൾ

നീണ്ട മൂന്നു പതിറ്റാണ്ടിനു ശേഷം പശ്ചിമബംഗാളിൽ ഭരണവിരുദ്ധ വികാരം ഇടതു സർക്കാറിനെ തുറിച്ചു നോക്കുകയാണ്. ഇത്തവണ 42 ലോക്സഭാ സീറ്റുകളിൽ വെറും 15 എണ്ണം മാത്രമാണ് മുന്നണിക്ക് ലഭിച്ചത്. ഭൂപരിഷ്കരണവും കീഴ്തല ജനാധിപത്യവും മുഖേന നേടിയ സ്വാധീനത്തിൽനിന്ന് വഴിതിരിഞ്ഞോടുകയാണ് പശ്ചിമ ബംഗാളിലെ ഇടതു സർക്കാർ. മമതയുടെ തൃണമൂൽ കോൺഗ്രസ് 19 സീറ്റുകളും കോൺഗ്രസ് അഞ്ചും നേടി. തുടർന്ന് പത്ത് നിയമസഭാ മണ്ഡലങ്ങളിലേക്കു നടന്ന ഉപതെരഞ്ഞെടുപ്പിലും പ്രഹരം കനത്തതായി. ഗ്രാമ-നഗര പ്രദേശങ്ങളിൽ സ്വാധീന നഷ്ടം വ്യക്തം. ലാൽഗഢും നന്ദിഗ്രാമും വേട്ടയാടുന്ന പശ്ചിമ ബംഗാളിൽ ഇടതിനെ ബുദ്ധിജീവി വിഭാഗവും കൈവിടുന്നതിന്റെ സൂചനയാണുള്ളത്. അപ്പുറത്ത് മമതയുടെ നയങ്ങൾ അപകടകരമായിരിക്കുമെന്ന് എല്ലാവർക്കും ബോധ്യമുണ്ട്. എന്നാൽ അവരുടെ പ്രതിബദ്ധതയും ജീവിത ലാളിത്യവും ജനങ്ങളിൽ സ്വാധീനം ചെലുത്തുന്നു.

നിക്ഷിപ്ത താൽപര്യക്കാർ പാർട്ടിയിൽ പിടിമുറുക്കിയെന്ന് ഇടതു നേതാക്ക

ൾ തന്നെ തുറന്നു സമ്മതിക്കുന്നു. സംഘടനാപരമായ കഴിവോ രാഷ്ട്രീയ പക്വതയോ ഇല്ലാത്ത പുതുമുഖനേതൃത്വം ജനങ്ങളിൽ നിന്നുള്ള അകൽച്ച പൂർണമാക്കുകയാണ്. പശ്ചിമ ബംഗാൾ നേതൃത്വത്തിന്റെ മാത്രം പ്രശ്നമല്ലിത്. ഇ.എം.എസിനു ശേഷം കേരള ഘടകം നേരിടുന്ന അതേ പ്രതിസന്ധി ദേശീയ തലത്തിലും കാണാം.

ബൂർഷ്വാസിയുടെ ക്രൂരതകൾക്കെതിരെ ജനങ്ങളെ സംഘടിപ്പിച്ച പാർട്ടി തങ്ങളുടെ സ്വാധീനത്തിലുള്ള സർക്കാറുകൾ നടത്തുന്ന അവിവേകങ്ങൾ മറച്ചു പിടിക്കുകയോ പരസ്യമായി ന്യായീകരിക്കുകയോ ആയിരുന്നു. സംഭവിച്ച അബദ്ധങ്ങൾ ഏറ്റുപറയാൻ പോലും തയാറാകാത്ത വിധം ധാർഷ്ട്യം നേതൃത്വത്തെ ചൂഴ്ന്നു നിന്നു. പുറമെയുള്ളവരോട് മാത്രമായിരുന്നില്ല ഈ ക്രൂരത. കൂടെയുള്ളവരും ഇതിന്റെ രക്തസാക്ഷികളായി വീണു. റിവിഷനിസത്തിന്റെ പേരിൽ അവരൊക്കെ അരിഞ്ഞു വീഴ്ത്തപ്പെടുകയായിരുന്നു. മേൽജാതി നേതാക്കൾ മാത്രം പാർട്ടിയുടെ തലപ്പത്ത് നിരന്തരം പ്രതിഷ്ഠിക്കപ്പെടുന്ന പ്രവണതയും തുടർന്നു. ഇന്ത്യയിലെ അവശിഷ്ട സോഷ്യലിസ്റ്റുകളുടെ പ്രായോഗിക ബുദ്ധി പോലും രാഷ്ട്രീയ മാറ്റത്തിന്റെ പുതിയ വഴികളിൽ പരീക്ഷിക്കാൻ ഇടതു നേതൃത്വം തയാറായില്ല.

## തെരുവു പ്രത്യാശകൾ ഇപ്പോഴും ബാക്കി

ഒരു ഘട്ടത്തിൽ ജനങ്ങളെ സംഘടിപ്പിക്കാനും തെരുവ് പ്രത്യാശ ജീവത്താക്കി നിലനിർത്താനും ഇടതു പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞിരുന്നു. എന്നാൽ ഉൾപാർട്ടി പ്രശ്നങ്ങളും സ്വാർഥ പ്രമത്തതയും പിടിമുറുക്കിയതോടെ ദിശാബോധം നഷ്ടപ്പെട്ടു. പ്രകാശ് കാരാട്ടും സീതാറാം യെച്ചൂരിയും പ്രതിനിധാനം ചെയ്യുന്ന സി.പി.എമ്മിനും ജനങ്ങൾക്കുമിടയിൽ അദൃശ്യമായ ഏതോ മതിൽ ഇപ്പോഴും ഉയർന്നുനിൽപുണ്ട്. പാർട്ടിയിൽ 'ഞങ്ങൾ ന്യൂനപക്ഷം മാത്രം' എന്ന ബസുമൊഴി ഇന്നും പ്രസക്തമാകുന്നത് ഈ സാഹചര്യത്തിലാണ്. സി.പി.എം മാത്രമല്ല സി.പി.ഐ, ആർ.എസ്.പി, ഫോർവേഡ് ബ്ലോക്ക്, എസ്.യു.സി.ഐ ഉൾപ്പെടെ എല്ലാവരും ഏറിയോ കുറഞ്ഞോ ഈ ശൈഥില്യം തന്നെയാണ് നേരിടുന്നത്. സി.പി.ഐ(എം.എൽ) പോലും ഇതിനപവാദമല്ല. യഥാർഥ കമ്യൂണിസ്റ്റ് പാർട്ടി തങ്ങളുടേതാണെന്ന് സ്ഥാപിച്ചെടുക്കാനാണ് ഏറ്റവും കൂടുതൽ ഊർജം ഇവരിൽ പലരും ചെലവിടുന്നത്. വല്യേട്ടൻ എന്ന നിലക്ക് സി.പി.എമ്മിനെ നാലു തെറി പറഞ്ഞാൽ പ്രതിസന്ധികൾക്ക് പരിഹാരമായെന്ന മട്ടിലാണ് ചില സാധുക്കൾ.

കഴിഞ്ഞ വർഷം നവംബർ രണ്ടാം വാരം ദൽഹിയിൽ ചേർന്ന അന്താരാഷ്ട്ര തൊഴിലാളി വർഗ സമ്മേളനത്തിലും ഇക്കാര്യം ഉയർന്നുവന്നു. സി.പി.എം, സി.പി.ഐ കക്ഷികൾ സംയുക്തമായാണ് സമ്മേളനം ഒരുക്കിയത്. അമ്പതിലേറെ രാജ്യങ്ങളിൽ നിന്നുള്ള കമ്യൂണിസ്റ്റ് പാർട്ടി-തൊഴിലാളി സംഘടനാ പ്രതിനിധികൾ പങ്കെടുത്തു. മുതലാളിത്തം ദുർബലപ്പെടുകയാണെന്നും സോഷ്യലിസം മാത്രമാണ് ഭാവി ബദലെന്നും മാവ്ലങ്കാർ ഹാളിലെ സമാപന സമ്മേളന വേദിയിൽ സീതാറാം യെച്ചൂരി പ്രഖ്യാപിച്ചപ്പോൾ തികച്ചും സാധാരണക്കാരായ തൊഴിലാളികൾ ഉൾപ്പെട്ട സദസ് വൻകരഘോഷം മുഴക്കി. അടിത്തട്ടിൽ ഇപ്പോഴും പ്രതീക്ഷ ബാക്കി നിർത്തുന്നവരുണ്ടെന്ന് ആ ആരവം തെളിയിച്ചു. പക്ഷേ, അതിനു നിറം കൊടുക്കാൻ ആരുണ്ട്?

## മാവോവാദം വേരു പടർത്തുമ്പോൾ

മാവോവാദികൾ ശക്തി സംഭരിക്കുകയാണ്. ചെങ്കൊടിയുടെ ജനകീയതയാണ് ഈ സ്വാധീനത്തിനു കാരണം. രാജ്യത്തെ പത്തു സംസ്ഥാനങ്ങളിൽ 200 ജില്ലകളിലും അവർ പിടിമുറുക്കിയെന്നാണ് ആഭ്യന്തര മന്ത്രാലയം പറയുന്നത്. മാവോവാ

ദികളെ അമർച്ച ചെയ്യാൻ ആഭ്യന്തര മന്ത്രാലയം വൻ പദ്ധതികൾക്ക് രൂപംനൽകിയിട്ടുണ്ട്. ഝാർഖണ്ഡിലെയും മറ്റും ആദിവാസി വനമേഖലകളിൽ മാത്രമല്ല പശ്ചിമ ബംഗാളിലെ നിരവധി ജില്ലകളിലും ചുകപ്പിന്റെ കാർക്കശ്യം ശക്തിയാർജിക്കുന്നതായാണ് അനുഭവം. ബി.ജെ.പിയും കോൺഗ്രസും ഇടതു പാർട്ടികളും ഭരണത്തിലുള്ള പ്രദേശങ്ങളിൽ മാവോവാദം വേരുറപ്പിച്ചത് പൊടുന്നനെയല്ല. ഭരണകൂടത്തിന്റെ ഉദാസീനതയും സംവിധാനങ്ങളുടെ അപര്യാപ്തിയും രാഷ്ട്രീയ പാർട്ടികളുടെ ഉൾക്കാഴ്ചയില്ലായ്മയുമൊക്കെ ചേർന്ന് ദരിദ്രരിൽ ദരിദ്രരായവരെ മാവോവാദത്തിലേക്ക് തള്ളി മാറ്റുകയായിരുന്നു. താഴേക്കിടയിൽ എന്തു നടക്കുന്നു എന്നറിയാൻ ഇവർക്കൊന്നുമായില്ല. ഒടുവിൽ അവർ കൂട്ടായി പറയുന്നു, രാജ്യം നേരിടുന്ന ഏറ്റവും വലിയ ഭീഷണിയാണ് മാവോവാദം എന്ന്.

ധാതുഖനനം ലക്ഷ്യം വെച്ച് ബഹുരാഷ്ട്ര കമ്പനികൾക്കു വേണ്ടി സർക്കാർ ആവിഷ്കരിച്ച ഒന്നാണ് നക്സൽവേട്ടയെന്ന് അരുന്ധതി റോയിയും മറ്റും തെളിവുകൾ നിരത്തി സ്ഥാപിക്കുന്നു. എന്നാൽ ഇതെല്ലാം മാവോവാദികളെ വെള്ള പൂശാനുള്ള നീക്കമാണെന്ന് കോറസ് പാടുന്നത് ചിദംബരം മാത്രമല്ല പ്രകാശ് കാരാട്ടും ബുദ്ധദേവ് ഭട്ടാചാര്യയും കൂടിയാണ്. നക്സൽവേട്ടക്ക് ഇറങ്ങി പുറപ്പെട്ട കേന്ദ്ര സർക്കാറിന് പിന്തുണ നൽകാൻ ഓടുകയായിരുന്നു വ്യവസ്ഥാപിത കമ്യൂണിസ്റ്റ് സംഘടനകൾ. അവർക്ക് പറയാൻ ന്യായങ്ങളുണ്ട്. മാവോവാദികളാൽ കൊല്ലപ്പെട്ട ഡസൻ കണക്കിന് പ്രവർത്തകരുടെ കണക്കുകൾ നിരത്താനുണ്ട്. എന്തുകൊണ്ട് മാവോവാദം എന്ന ചോദ്യത്തിന് കേന്ദ്ര സർക്കാറിനെ പോലെ ഇവരും ഉത്തരം തേടുന്നില്ല. കാടടച്ച് വെടിവെക്കുമ്പോൾ ഇരയേത്, വേട്ടക്കാരൻ ഏത് എന്നു തിരിച്ചറിയുന്നില്ല.

തങ്ങളുടെ തെരഞ്ഞെടുപ്പ് ബഹിഷ്കരണാഹ്വാനത്തിനാണ് രാജ്യത്ത് മേൽക്കൈ ലഭിക്കുന്നതെന്നാണ് മാവോവാദികളുടെ വിലയിരുത്തൽ. ഛത്തീസ്ഗഡ്, ബീഹാർ, ഝാർഖണ്ഡ്, മഹാരാഷ്ട്ര, മധ്യപ്രദേശ് ഉൾപ്പെടെ പലേടങ്ങളിലും കൊണ്ടുപിടിച്ച പ്രചാരണം നടന്നിട്ടും അമ്പതു ശതമാനത്തിലേറെ പോൾ എന്തുകൊണ്ട് നടക്കുന്നില്ലെന്ന് അവർ ചോദിക്കുന്നു. സി.പി.ഐ(മാവോയിസ്റ്റ്) പോളിറ്റ് ബ്യൂറോ കഴിഞ്ഞ വർഷം ജൂൺ 12-ന് പുറത്തിറക്കിയ പ്രസ്താവന ഇക്കാര്യം അടിവരയിടുന്നു. പ്രത്യേക സാമ്പത്തിക സോണുകൾ വന്നതോടെ തങ്ങളുടെ സ്വാധീനം വിപുലപ്പെടുന്ന സാഹചര്യം ഉണ്ടായതായും പ്രസ്താവന വ്യക്തമാക്കുന്നു. കൊബാദ് ഗാണ്ഡി ഉൾപ്പെടെ ബുദ്ധിപരമായി ചിന്തിക്കുന്ന മാവോ നേതാക്കളെ അറസ്റ്റ് ചെയ്തതു കൊണ്ടു മാത്രം പ്രശ്നം തീരില്ലെന്ന് സർക്കാറിനറിയാം.

ആദിവാസി മേഖലകളിലും വനപ്രദേശങ്ങളിലും ഒതുങ്ങുന്ന വെല്ലുവിളിയായിരിക്കില്ല മാവോവാദമെന്നും നേതാക്കളുടെ പ്രതികരണം തെളിയിക്കുന്നു. സി.പി.ഐ (മാവോയിസ്റ്റ്) ജനറൽ സെക്രട്ടറി ഗണപതി 2007-ൽ പുറത്തിറക്കിയ പ്രസ്താവന ഇതിന്റെ തെളിവാണ്. ആദിവാസി മേഖലകൾക്കപ്പുറം നഗര കേന്ദ്രീകൃത മധ്യവർഗത്തെ കൂടി മാവോവാദികൾ ഉന്നം വെക്കുന്നുണ്ട്: "ഇന്ത്യയിലെ മധ്യവർഗ സമൂഹം എണ്ണത്തിൽ വളരുകയാണ്. വിലക്കയറ്റം മൂലം അവരിൽ നല്ലൊരു വിഭാഗം ശരിക്കും പൊറുതിമുട്ടിയിരിക്കുന്നു. കുടുംബ ബജറ്റ് താളം തെറ്റിയതോടെ ജീവിത സുരക്ഷ നഷ്ടമായി. വിദ്യാഭ്യാസം, ആരോഗ്യം, ഗതാഗതം എന്നിവ ഏറെ ചെലവേറിയതായും മാറി. ജീവിതം വഴിമുട്ടുന്നതോടെ മധ്യവർഗത്തിന്റെ ഭാഗമായ അധ്യാപകരും സർക്കാർ ജീവനക്കാരും വിദ്യാർഥികളും ചെറുകിട വ്യാപാരികളും രോഷത്തോടെ തെരുവിലിറങ്ങും. ഭക്ഷണവും വസ്ത്രവും കുഞ്ഞുങ്ങളുടെ ആരോഗ്യ-

വിദ്യാഭ്യാസ ചെലവുകളും അവരെ അരക്ഷിതരാക്കി മാറ്റിയിരിക്കെ, മധ്യവർഗ സമൂഹത്തെ സംഘടിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ഞങ്ങൾ ഊർജിതമാക്കും."

വ്യവസ്ഥാപിത ഇടതുപക്ഷം പിൻവാങ്ങുകയും മാവോവാദം കരുത്താർജിക്കുകയും ചെയ്യുന്നത് ഇന്ത്യൻ രാഷ്ട്രീയ പ്രക്രിയക്കും മേഖലയുടെ താൽപര്യങ്ങൾക്കും ഗുണം ചെയ്യാനിടയില്ല. ഇന്ത്യൻ രാഷ്ട്രീയ ഭൂമികയിൽനിന്ന് ചുകപ്പ് മാഞ്ഞുപോകരുതെന്ന് കൊതിക്കുന്നവരാണ് പൊതുസൂഹത്തിൽ ഏറെയും. അവർ മാത്രം സ്വപ്നം കണ്ടതു കൊണ്ടായില്ലല്ലോ. ■